പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 782 — 08.01.2014-ലെ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ തൈറോയിഡ് രോഗനിർണ്ണയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കോഴിക്കോട് ജില്ലയിലെ തൈറോയിഡ് രോഗനിർണ്ണയത്തിന് സർക്കാർ മേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | എ) | കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ഒന്നും തന്നെ തൈറോയിഡ് രോഗനിർണ്ണയത്തിനുള്ള ലാബ് സംവിധാനം നിലവിൽ ലഭ്യമല്ല. എന്നാൽ വടകര ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ലാബിൽ തൈറോയിഡ് രോഗനിർണ്ണയത്തിനുള്ള ലാബോറട്ടറി പരിശോധന തൈറോകെയർ (കണ്ണൂർ) എന്ന സ്ഥാപനവുമായി ചേർന്ന് നടത്തിവരുന്നു. ആശുപത്രി ലാബിൽ നിന്നും രക്തസാമ്പിളുകൾ ശേഖരിച്ച് തൈറോകെയറിന് നൽകി പരിശോധന റിപ്പോർട്ട് നാമമാത്രമായ സർവ്വീസ് ചാർജ് ഈടാക്കി രോഗികൾക്ക് നൽകിവരുന്നു.<br>ആരോഗ്യ വകുപ്പിന്റെ, നവജാത ശിശുക്കളുടെ ജന്മനായുള്ള ചില രോഗങ്ങൾ കണ്ടെത്തുന്നതിനായുള്ള സ്ക്രീനിംഗ് പരിപാടിയുടെ ഭാഗമായി ജില്ലയിലെ പ്രധാന സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജിലെ ഐ. എം. സി. എച്ചിലും ജനിക്കുന്ന കുഞ്ഞുങ്ങളുടെ രക്ത സാമ്പിളുകൾ, കോഴിക്കോട് പബ്ലിക് ഹെൽത്ത് ലാബിൽ ടെസ്റ്റ് കിറ്റുകൾ വഴി ജന്മനായുള്ള തൈറോയിഡ് രോഗത്തിന്റെ പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ